# പർദ്ദയെ എന്തിന് ക്രൂശിക്കുന്നു?

## കത്തുകൾ പ്രതികരണങ്ങൾ

മനുഷ്യരാശിയുടെ മഹത്തായ മതങ്ങളിലൊന്നിനെ, ലോകത്തിന്റെ ഗതി ഉടർച്ചയായി ഏറ്റവും അധികകാലം നിയന്ത്രിച്ച ഒരു പ്രസ്ഥാനത്തെപ്പറ്റി തികഞ്ഞ അജ്ഞതപുലർത്തുന്ന ലേഖനം കണ്ടു(കേരളീയം ലക്കം.....പർദ്ദ ശരീരത്തിന്റെ പാർപ്പിടമോ- ദിരാർ)

ഞാൻ പതിവായി പർദ്ദ ധരിക്കുന്ന സ്ത്രീയാണ്. ഞാൻ എങ്ങനെയാണ് തീവ്രവാദി അഥവാ ഫണ്ടമെന്റലിസ്റ്റ് എന്ന് വിളിക്കപ്പെടുന്നത് എന്ന് അറിയാൻ താല്പര്യമുണ്ട്. പർദ്ദ യഥാർത്ഥത്തിൽ ഒരു സ്വാതന്ത്ര്യപ്രഖ്യാപനമാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും അടങ്ങുന്ന പുരുഷന്മാരിൽ ഭൂരിപക്ഷവും സ്ത്രീകളെ താല്പര്യപൂർവ്വം ശ്രദ്ധിക്കുന്നവരാണ്. ശരീരത്തിന്റെ വടിവും നടത്തത്തിന്റെ താളവും മറച്ചുവെച്ചാൽ ഈ വായിനോക്കികൾ പിന്നെ തിരിഞ്ഞുനോക്കില്ല. അത് നൽകുന്ന സുരക്ഷിതബോധം പർദ്ദ ഉപയോഗിക്കാത്ത ഒരാൾക്ക് മനസ്സിലാകില്ല.

ശരീരഭാഗങ്ങൾ നന്നായി മറയത്തക്കവണ്ണം അയഞ്ഞ കട്ടിയുള്ള വസ്ത്രങ്ങൾ ധരിക്കണം എന്നു മാത്രമാണ് ഖുർആൻ പറയുന്നത്. അതിനാൽ ചുരിദാർ ആണ് യഥാർത്ഥ ഇസ്ലാമിക വേഷം. എങ്കിലും ഞാൻ പർദ്ദ ധരിക്കുന്നത് അത് നൽകുന്ന സുരക്ഷിതത്വബോധം ഒന്നുകൊണ്ടുമാത്രമാണ്. പർദ്ദ എനിക്കു നൽകുന്ന മറ്റൊരു പ്രയോജനം, ഞാൻ ഗൗരവപൂർവ്വം കേൾക്കപ്പെടുന്നു എന്നുള്ളതാണ്. എന്നേക്കാൾ സദ്ഗുണങ്ങളുള്ള സ്ത്രീകളേക്കാളും എന്നെ സഹപ്രവർത്തകർ (വിവിധ മതസ്ഥർ) ബഹുമാനിക്കുന്ന കാര്യവും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്.

തലയിൽ മുണ്ടിടുന്ന രാജസ്ഥാനിലെയും ഗുജറാത്തിലെയും ഹിന്ദു സ്ത്രീകളെ ലേഖകൻ മൗലീകവാദികൾ എന്നു വിളിക്കാത്തതിൽ സന്തോഷം. ഞാൻ ഉപയോഗിക്കുന്നതിനേക്കാൾ പത്തിരട്ടി നീളമുള്ള ശിരോവസ്ത്രം ഉപയോഗിക്കുന്ന സിക്കുപുരുഷന്മാരെ തീവ്രവാദികൾ എന്നു വിളിക്കാത്തതിൽ സന്തോഷം. ശിരോവസ്ത്രവും അറബിവേഷവും ധരിക്കുന്ന കന്യാസ്ത്രീകളെ മൗലീകവാദികൾ എന്നുവിളിക്കാത്തതിൽ സന്തോഷം.

**സബീന. എൻ, കാട്ടാക്കട**

## അവ്യക്തമായ സങ്കല്പങ്ങൾ

കേരളീയത്തിന്റെ പ്രതികരണ പംക്തിയിലെ 'ചേതന'യുടെ സ്ത്രീപക്ഷ കുറിപ്പുകളിൽ വളരെ വൈകാരികമായാണ് പ്രശ്നങ്ങളെ സമീപിക്കുന്നത്. സ്ത്രീ മാത്രമല്ല, പുരുഷനും ഇന്ന് സങ്കീർണ്ണതകളിൽ ഉഴലുകയും പിടയുകയും പീഡനമേൽക്കുകയും ചെയ്യുന്നുണ്ട്. അവരുടെ മുഖങ്ങളിൽ മാത്രമാണ് വ്യത്യസ്തത. സ്ത്രീ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന വസ്തുതയിലെ വെറുമൊരു പ്രദർശന വ്യക്തിത്വമായി നിന്നു കൊടുക്കുന്നതും സ്ത്രീകൾ തന്നെയെന്ന് സമ്മതിക്കേണ്ടതല്ലേ? ഇന്ന് നമ്മുടേതു പോലുള്ള സാമ്പത്തിക നിർണ്ണയതയിൽ ജീവിക്കാൻ വിധിക്കപ്പെടുന്ന സാമൂഹിക ജീവിതത്തിൽ പുരുഷൻ കുടുംബത്തിന്റെ അധിപതിയാകുന്നു എന്നതിനാൽ തന്നെ, കുടുംബത്തെ ചലിപ്പിക്കുവാൻ എന്തെല്ലാം സങ്കീർണ്ണതകളിൽ, പാപങ്ങളിൽ, പീഡകളിൽ കുടുങ്ങേണ്ടി വരുന്നുവെന്ന് അന്വേഷിക്കേണ്ടതാണ്. ലൈംഗികാതിക്രമത്തിന്റെ യഥാർത്ഥ കാരണങ്ങളിൽ ചിലവ

1. ആവശ്യത്തിനും അനാവശ്യത്തിനും നഗ്നതയെ മനുഷ്യമേനിയെ പൊതിഞ്ഞൊളിപ്പിക്കുന്ന സംസ്കാരശീലം.
2. വികാസത്തോടെ സ്ത്രീയെയും പുരുഷനെയും വേർതിരിഞ്ഞ് ജീവിക്കാൻ പരിശീലിപ്പിക്കപ്പെടുന്ന പരിതസ്ഥിതികൾ
3. സ്ത്രീശരീരത്തെ അതിഭാവുകത്വത്തോടെ പ്രൊജക്ട് ചെയ്യുന്ന സ്പെഷ്യലൈസേഷനുകളും.

പർദ്ദ ധരിക്കുന്നുവോ ഇല്ലയോ എന്നതല്ല, സ്ത്രീ സ്വന്തം കാലിൽ പ്രകാശം പരത്തുന്ന വ്യക്തിത്വമാകുന്നുണ്ടോ എന്നതാണ് പ്രധാനം. നിഴലിനോട് യുദ്ധം ചെയ്യുന്നതിനാലാണ് നല്ല പ്രതിവിധികൾ നമുക്ക് കണ്ടെത്താൻ കഴിയാതെ പോകുന്നത്.

**അനിൽ കുമാർ. ടി. ആർ.**
**നന്തിപുലം**

## ചില നിർദ്ദേശങ്ങൾ

തൃശ്ശൂർ കറന്റ് ബുള്ളറ്റിനിലെ ദിരാറിന്റെ ലേഖനങ്ങൾ കേരളീയത്തിൽ പുനഃപ്രസിദ്ധീകരിച്ചാൽ നന്നായിരുന്നു. 'ഉരുണ്ട ഭൂമികളും പരന്ന ഭൂമികളുമിടയിൽ' etc. കേരളീയത്തിൽ 'കോമാളി ഭാഷ'യിലുള്ള ലേഖനങ്ങൾ കുറക്കണം. ഒന്നാവാം എപ്പോഴും പറയാറുള്ള കൃഷിക്കാര്യം തീരെ വിട്ടുകളയുന്നു- സൈദ്ധാന്തിക ലേഖനമല്ല-പ്രായോഗികക്കുറിപ്പുകൾ ആണുദ്ദേശിക്കുന്നത്.

**പവിത്രൻ, വടകര**

## മണലിന് പകരമെന്ത്?

മണൽ വാരലിനെതിരെ പ്രതികരിക്കുന്നവർ മണലിന് പകരമുപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് പറയാനും ബാധ്യസ്ഥരാണ്. മണലുപയോഗിച്ച് വീട് പണിയുകയും മറ്റെല്ലാ നിർമ്മാണപ്രവർത്തനങ്ങളും നടത്തുകയും ചെയ്യുന്നവരാണ് പിന്നീട് മണലെടുപ്പിനെ എതിർത്ത് രംഗത്തു വരുന്നത്. ചില്ലുമേടകളിലിരുന്ന് പരിസ്ഥിതി പ്രവർത്തനം നടത്തുന്നവർ മണൽ നിരോധനം സൃഷ്ടിക്കുന്ന തൊഴിലില്ലായ്മയും പട്ടിണിയും സാധാരണ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കാണാതെ പോകുന്നു. ഇനിയെങ്കിലും കാപട്യം നിറഞ്ഞ ഇത്തരം വിലാപങ്ങൾ അവസാനിപ്പിക്കുക.

**സി.എ. അബ്ദുൾ ലത്തീഫ്**
**എടപ്പാൾ**